## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2323 — 05.12.2018 ൽ മറുപടിയ്ക്ക്

## ദിവസവേതനക്കാരുടെ വേതന വ്യവസ്ഥകൾ

ചോദ്യം
ശ്രീ.ചിറ്റയം ഗോപകുമാർ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ വർഷങ്ങളായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന വേതനം പരിമിതമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം 29.05.2018 ലെ സ.ഉ.(സാധാ)നം.266/2018/ഭ.പൊ.വി.വ. പ്രകാരം 18.01.2018 മുതൽ ദിവസം 350 രൂപയിൽ നിന്ന് 425 രൂപയായും പായ്ക്കിംഗ് തൊഴിലാളികളുടെ വേതനം പായ്ക്കറ്റ് ഒന്നിന് 75 പൈസയിൽ നിന്ന് ഒരു രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | നിയമാനുസൃതമുള്ള മിനിമം കൂലിപോലും ലഭിക്കാത്ത ഈ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | | |
| (സി) | 10 വർഷത്തിലധികമായി ഈ മേഖലയിൽ സ്ഥിരമായി തൊഴിലെടുക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സ്ഥിരം നിയമനത്തിന്റെ പരിധിയിൽ വരുന്നതല്ല. |

സെക്ഷൻ ഓഫീസർ